പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6984    13.7.2012 ന് മറുപടിക്ക്

## പപ്പട നിർമ്മാണ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. എസ്. സുനിൽ കുമാർ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ. ജി. എസ്. ജയലാൽ<br>ശ്രീ. പി. തിലോത്തമൻ | ശ്രീ.ഷിബു ബേബി ജോൺ<br>(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ)സംസ്ഥാനത്ത് പപ്പട നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ എണ്ണം വെളിപ്പെടുത്തുമോ ; | (എ) സംസ്ഥാനത്ത് പപ്പട നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ എണ്ണം തൊഴിൽ വകുപ്പ് കണക്കാക്കിയിട്ടില്ല. |
| (ബി)പ്രസ്തുത തൊഴിലാളികൾക്ക് ക്ഷേമനിധി, പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ; | (ബി) പപ്പട നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്കു മാത്രമായി ക്ഷേമനിധി , പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല എന്നാൽ ഇവർക്ക് ഇപ്പോൾ തന്നെ 1990 ലെ കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ രജിസ്റ്റർ ചെയ്ത് ആനുകൂല്യങ്ങൾ ലഭ്യമാക്കാവുന്നതാണ്. കൂടാതെ അസംഘടിത മേഖലയിലെ റിട്ടയേർഡ് തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതിയിൽ നിന്നും ഇവർക്ക് പെൻഷൻ ലഭിക്കുന്നതുമാണ്. |
| (സി)അസംസ്കൃത സാധനങ്ങളുടെ വിലക്കയറ്റവും ഇന്ധന വില വർദ്ധനവും വൈദ്യുതി നിരക്ക് വർദ്ധനവും ഈ മേഖലയെ പ്രതിസന്ധിയിലാക്കിയിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഈ തൊഴിലിനേയും തൊഴിലാളികളെയും സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ? | (സി) ശ്രദ്ധയിൽ പെട്ടിട്ടില്ല. ഇതു സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും നിലവിൽ നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ